"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്തുവകുപ്പ് - LAR കേസ് - തിരുവനന്തപുരം ജില്ല - പണയിൽക്കടവ് പാലം നിർമ്മാണം - ആറ്റിങ്ങൽ സബ് കോടതിയിലെ LAR No.09/91, LAR No.13/07 കേസുകളുടെ കോടതി വിധിതുക അനുവദിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്തു (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.914/2026/PWD തീയതി,തിരുവനന്തപുരം, 11-08-2026

---

പരാമർശം:- 1. സ.ഉ(സാധാ)നം.278/2026/PWD തീയതി 25-02-2026

2. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 24-07-2026 തീയതിയിലെ CEPWD/10676/2023-FR9-PWD നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ പണയിൽക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ സബ് കോടതിയിലെ LAR കേസുകളുടെ വിധി തുക നൽകുന്നതിലേക്കായി ആകെ ₹15,55,212/- (പതിനഞ്ചു ലക്ഷത്തി അൻപത്തി അയ്യായിരത്തി ഇരുന്നൂറ്റി പന്ത്രണ്ട് ) രൂപയുടെ പുതുക്കിയ ഭരണാനുമതി പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുണ്ട്. മുൻപ് ഭരണാനുമതി നൽകിയ ₹15,55,212/- രൂപയോടൊപ്പം, LAR No.09/91, LAR No.13/07 കേസുകളുടെ വിധിതുകയിൽ ബാക്കി നൽകാനുള്ള തുകയും, അതിന്റെ പലിശയും ചേർത്ത് ( LAR No.09/91 കേസിന് ₹21,849/- രൂപയും, LAR No.13/07 കേസിന് ₹35,831/- രൂപയും ) ആകെ ₹16,12,892/- (പതിനാറു ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി രണ്ടു) രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-PC ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള ശിപാർശ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ പരാമർശം (2) ശിപാർശ പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിലെ പണയിൽക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ സബ് കോടതിയിലെ LAR No.09/91, LAR No.13/07 കേസുകളുടെ വിധിതുകയിൽ ബാക്കി നൽകാനുള്ള തുകയും അതിന്റെ പലിശയും കണക്കാക്കി, മുൻപ് ഭരണാനുമതി നൽകിയ ₹15,55,212/- രൂപയോടൊപ്പം ഇപ്പോൾ ആവശ്യമുള്ള ₹57,680/- രൂപയും (LAR No.09/91 കേസിന് ₹21,849/- രൂപയും, LAR No.13/07 കേസിന് ₹35,831/- രൂപയും ) ചേർത്ത് ₹16,12,892/- (പതിനാറു ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി രണ്ടു) രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-PC ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുരാധ കെ സി

അഡീഷണൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ് ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി., സെക്രട്ടേറിയറ്റ് (പ്രസിദ്ധീകരണത്തിനായി).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Rajesh M R
Date: 11-08-2026
16:45:06

സെക്ഷൻ ഓഫീസർ